GOVERNMENT OF KERALA

**നം പെൻ ബി4/43/2017/ധന വകുപ്പ്** **ധനകാര്യ(പെൻഷൻ-ബി)**

തിരുവനന്തപുരം
തീയതി:12.06.2017.

ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി

ട്രഷറി ഡയറക്ടർ
തിരുവനന്തപുരം

വിഷയം : 10ാം പെൻഷൻ പരിഷ്കരണം പെൻഷൻ, ഗ്രാറ്റുവിറ്റി കുടിശ്ശിക- ഒന്നാം ഗഡു പലിശ നിർണ്ണയിക്കുന്നതിലെ അപാകത- കമ്മ്യൂട്ടേഷൻ കുടിശ്ശിക – പെൻഷനിൽ നിന്നുള്ള തിരിച്ചടവ്- സ്പഷ്ടീകരണം - സംബന്ധിച്ച്.

സൂചന: ശ്രീമതി ജെസ്സി ഫിലിപ്പിന്റെ 27/05/17 തീയതിയിലെ അപേക്ഷ .

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. 30.04.2015 ൽ വിരമിച്ച ശ്രീമതി ജെസ്സി ഫിലിപ്പിനു സ.ഉ (പി) നം 9/2016/ധന തീയതി 20.01.2016 പ്രകാരം ഗ്രാറ്റുവിറ്റി കുടിശ്ശികയ്ക്കു 01.02.2016 മുതൽ 31.03.2017 വരെയുള്ള 14 മാസക്കാലയളവിലെ പലിശയ്ക്ക് അർഹതയുണ്ടെങ്കിലും പുതുക്കിയ ഗ്രാറ്റുവിറ്റി അനുവദിച്ചുകൊണ്ടുള്ള അക്കൗണ്ടന്റ് ജനറലിന്റെ ഓതറൈസേഷൻ കത്തിന്റെ തീയതി മുതൽ 31.03.2017 വരെയുള്ള പലിശ മാത്രമാണ് നൽകിയിരിക്കുന്നതെന്നു പരാതിപ്പെട്ടിരിക്കുന്നു. ഇപ്രകാരം ധാരാളം പരാതികൾ സർക്കാരിന് ലഭിക്കുന്നുണ്ട് . 01.07.2014 നു ശേഷം വിരമിച്ച ജീവനക്കാരുടെ പെൻഷൻ, ഗ്രാറ്റുവിറ്റി എന്നിവയുടെ കുടിശ്ശികയ്ക്കു പുതുക്കിയ തുക അനുവദിച്ചുകൊണ്ടുള്ള അക്കൗണ്ടന്റ് ജനറലിന്റെ കത്തിന്റെ തീയതി മുതൽ അല്ല , മറിച്ച് സ.ഉ (പി) നം 9/2016/ധന തീയതി 20.01.2016 ഉത്തരവിൽ

നിഷ്കർഷിച്ചിരിക്കുന്ന തരത്തിൽ 01.02.2016 മുതൽ 31.03.2017 വരെയുള്ള 14 മാസക്കാലയളവിലെ പലിശയ്ക്ക് അർഹതയുണ്ട്. ആയതിനാൽ അക്കൗണ്ടന്റ് ജനറലിന്റെ ഓതറൈസേഷൻ ലഭിക്കുന്ന മുറയ്ക്ക് പെൻഷൻ ,ഗ്രാറ്റുവിറ്റി എന്നിവയ്ക്ക് പലിശ മേൽ വിവരിച്ച പ്രകാരം വിതരണം ചെയ്യേണ്ടതാണ്. ഒപ്പം കമ്മ്യൂട്ടേഷൻ കുടിശ്ശികയുടെ ഒന്നാം ഗഡുവിന്റെ വിതരണത്തിനു ശേഷം പ്രസ്തുത തുകയ്ക്കു അനുസൃതമായി മാത്രം പെൻഷനിൽ നിന്നുള്ള തിരിച്ചടവ് ക്രമീകരിക്കേണ്ടതാണെന്നും കൂടി അറിയിക്കുന്നു.

വിശ്വസ്തതയോടെ

രാജശ്രീ.കെ
ജോയിന്റ് സെക്രട്ടറി
ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിക്കു വേണ്ടി

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

സെക്ഷൻ ഓഫീസർ 16.06.17

GOVERNMENT OF KERALA

Pen-B1/58/2015-Fin (E- 144990)

Finance (Pension-B) Department
Thiruvananthapuram
Dated: 11.04.2017.

From

Additional Chief Secretary (Finance)

To

The Director of Treasuries
Thiruvananthapuram

Sir,

Sub:- Disbursement of arrears of revision of pension and DCRG -Reg:-
Ref:- G.O (P) 9/2016/Fin dated 20.01.2016.

Please refer to above. I am to inform you that as ordered in para 9.1 of G.O read above, the first instalment of arrears of revision of pension and DCRG may be disbursed along with interest at rate of 8.7% per annum for the period from 01.02.2016 to 31.03.2017.

Yours faithfully,

A.S. SAFIYA
Additional Secretary
For Additional Chief Secretary (Finance)

Approved for Issue

Section Officer